പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3532

23.06.2014-ൽ മറുപടിക്ക്.

# അഗ്നിശമന സേനയിലെ പരിഷ്ക്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) അഗ്നിശമന സേനയിൽ പരിഷ്ക്കരണങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ജങ്പാംഗി കമ്മീഷൻ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; | : എ) ജംഗ്പാംഗി കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. RMSI പഠന റിപ്പോർട്ട് ബ്ലൂപ്രിന്റായി സ്വീകരിച്ച് സംസ്ഥാനത്തെ ഫയർ സ്റ്റേഷനുകളുടെ എണ്ണം 228 ആക്കുക.<br>2. അഗ്നിശമന ഉപാധികളുടെ എണ്ണത്തിനും ഉപയോഗത്തിനുമനുസരിച്ച് മാൻ പവർ വർദ്ധിപ്പിക്കുക. അവശ്യസേവനങ്ങൾ അനുയോജ്യമാംവിധം നൽകുന്നതിന് 4216 പുതിയ തസ്തികകൾ സൃഷ്ടിക്കുക. ഒരു സ്റ്റേഷന് മിനിമം രണ്ട് പമ്പിംഗ് യൂണിറ്റുകളെങ്കിലും ഉണ്ടായിരിക്കുക. മിഡിൽ ലെവൽ/സൂപ്പർവൈസറി ലെവൽ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുക.<br>3. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ നിരാകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 20 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ 2014-2015 വർഷത്തിൽ തന്നെ മാറ്റി പുതിയവ വാങ്ങുകയും ചെയ്യുക.<br>4. ആധുനിക അഗ്നിശമന ഉപകരണങ്ങൾ രണ്ടു വർഷത്തിനകം തന്നെ വകുപ്പിൽ ലഭ്യമാക്കുക<br>5. ആസ്ഥാന കാര്യാലയങ്ങൾ സൂപ്പർവൈസറി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക, കമ്മ്യൂണിക്കേഷൻ വിംഗും കൺട്രോൾ റൂമും ഫയർ പ്രിവൻഷൻ വിംഗും രൂപീകരിക്കുക.<br>6. കമാന്റന്റ് ജനറലിന്റെ അധീനതയിൽ രണ്ട് ഡയറക്ടറേറ്റുകൾ രൂപീകരിക്കുക-ഓപ്പറേഷൻസ് ഡയറക്ടറേറ്റും, അഡ്മിനിസ്ട്രേഷൻ ഡയറക്ടറേറ്റും. മിനിസ്റ്റീരിൽ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുക.<br>7. എല്ലാ സ്റ്റേഷനുകളിലും ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം നിലവിൽ വരുത്തുക. ലാന്റ് ലൈൻ ടെലിഫോൺ കണക്ഷൻ ഇല്ലാത്ത ഓഫീസുകളിൽ ഉടൻ കണക്ഷൻ ലഭ്യമാക്കുക. വകുപ്പിലെ കമ്മ്യൂണിക്കേഷൻ സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക |

8. ഇ-ഗവേണൻസും പൂർണ്ണ കമ്പ്യൂട്ടർ വത്കരണവും നടപ്പിലാക്കുക. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയിൽ കമ്പ്യൂട്ടർ ലാബ് രൂപീകരിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുക
9. ഡെലിഗേഷൻ ഓഫ് പവർ വർദ്ധിപ്പിക്കുക. പവർ ഡീസെൻട്രലൈസ് ചെയ്യുക
10. എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ സ്പെഷ്യൽ അലവൻസുകൾ വർദ്ധിപ്പിക്കുക. ഓപ്പറേഷണൽ ഡ്യൂട്ടിക്ക് പ്രത്യേക യൂണിഫോം പ്രാബല്യത്തിൽ വരുത്തുക
11. അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക
12. ഡ്യൂട്ടി മീറ്റ് നടത്തുക
13. സ്ഥലം ലഭ്യമായ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനും എല്ലാ സ്റ്റേഷനുകളോടനുബന്ധിച്ചും ഫാമിലി ക്വാർട്ടേഴ്സ് പണിയുന്നതിനും ഫണ്ട് ലഭ്യമാക്കുക. പണി നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുക.
14. വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നവീകരണവും പുതിയ കോഴ്സുകൾ ആരംഭിക്കുകയും ചെയ്യുക
15. വകുപ്പിലെ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുക. സ്റ്റേഷൻ ഓഫീസറെ ഡ്രോയിംഗ് ഓഫീസറാക്കുക
16. അഗ്നിശമന രക്ഷാ പ്രവർത്തനങ്ങൾക്ക് പ്രോട്ടോക്കോൾ നടപ്പിലാക്കുക
17. സേനാംഗങ്ങൾക്ക് നീന്തൽ പരിശീലനം നിർബന്ധമാക്കുക. പ്രെമോഷൻ കോഴ്സുകൾക്ക് ഓഫീസ് മാനേജ്മെന്റും കമ്പ്യൂട്ടർ പ്രാക്ടിക്കലും വിഷയമാക്കുക.

| | |
|---|---|
| ബി) സംസ്ഥാനത്ത് പുതിയതായി ഫയർ സ്റ്റേഷൻ നിർമ്മിക്കണമെന്ന് കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശിച്ചത് എവിടെയെല്ലാമാണ്; | ബി) ഇടപ്പള്ളി, ഏരൂർ, വാഴോട്ടുകോണം, പാപ്പനംകോട്, ഉള്ളൂർ, കലവൂർമണ്ണഞ്ചേരി, കഠിനംകുളം, പൂങ്കുളം, പുന്നപ്ര, വടുതല, കഞ്ഞിക്കുഴി (ആലപ്പുഴ), കങ്കാരപ്പടി (എറണാകുളം), പെരുമ്പടപ്പ് (കൊച്ചി), ശാസ്തമുഗൾ (എറണാകുളം), ഇടത്തല, നടക്കാവ്, ഞാറയ്ക്കൽ, ചൊവ്വ, മണൽ (ചിറയ്ക്കൽ) പുതിയ തെരുവ് (ചിറയ്ക്കൽ), തോട്ടട, ഇടയ്ക്കാട്, പാപ്പിനിശ്ശേരി, ചെറുതാഴം, ഭേദിര, നീലേശ്വരം, ചെറുവത്തൂർ, വാഴപ്പള്ളി (കൊല്ലം), ചന്ദനത്തോപ്പ്, കാവനാട്, അഞ്ചൽ, ഏറ്റുമാനൂർ , ചിങ്ങവനം, വൈക്കം, തൊണ്ടയാട്, കുന്നത്തുപാലം, പാവങ്ങാട് ജംഗ്ഷൻ (പുതിയങ്ങാടി), പയ്യോളി, കൊയിലാണ്ടി, കുമാരസ്വാമി, പൂവാട്ടുപറമ്പ്, രാമനാട്ടുകര (കോഴിക്കോട്), നൂറടി, പാണക്കാട്, മഞ്ചേരി, താനൂർ, ചങ്കുവെട്ടി, പാത്തനത്താണി, കൊണ്ടോട്ടി, ഇടപ്പാൾ, റെയിൽവേ കോളനി (പാലക്കാട്) ,ഒല്ലൂർ, മണ്ണൂത്തി, ഒലരിക്കര കെൽട്രോൺ നഗർ (തൃശ്ശൂർ), വള്ളിക്കുന്നം, ചേപ്പാട്, വേഴപ്ര, കോലഞ്ചേരി, മുട്ടം, വണ്ടിപ്പെരിയാർ, |

കൂടുക്കിമൊട്ട, മങ്കാട്ടുപറമ്പ്, പെരിങ്ങത്തൂർ, പെരളശ്ശേരി, എട്ടിക്കുളം, കൊറ്റില, ചെങ്ങലായി, പയ്യാവൂർ, ആലക്കോട്, കുമ്പള, ബെണ്ടിച്ചൽ, തച്ചങ്ങാട്, കാഞ്ഞിലപ്പൊയിൽ, മുണ്ടയത്തടുക്ക, മുലാരിയ, മാലക്കല്ല്, ആദിച്ചനല്ലൂർ, പാരിപ്പള്ളി, ഓടനാവട്ടം, ചവറ, പത്തനാപുരം, കുളത്തൂപ്പുഴ, കുമരകം, എരുമേലി, ചെമ്മരതൂർ, വെള്ളുവമ്പ്രം, വേങ്ങര, പാടപ്പറമ്പ്, കൂട്ടായി, പരപ്പനങ്ങാടി, വളാഞ്ചേരി, പാണ്ടിക്കാട്, ഇടവണ്ണ, കാളിക്കാവ്, ചുങ്കത്തറ, ഒറ്റപ്പാലം, ചേർപ്പുളശ്ശേരി, കുറ്റനാട്, നട്ടുകൽ, മുണ്ടൂർ, കൊല്ലങ്കോട്, കോഴഞ്ചേരി, പന്തളം, ഏനാത്ത്, ഉതിമൂട്, പമ്പ, കല്ലമ്പലം, ശാർക്കര, ബാലരാമപുരം, വെഞ്ഞാറമൂട്, വിളപ്പിൽശാല, പെരുങ്കടവിള, കള്ളിക്കാട്, പൊൻമുടി, ചേർപ്പ്, ഇടക്കലത്തൂർ, തൃപ്രയാർ, പാവറട്ടി, കൊടകര, പഴയന്നൂർ, പട്ടിക്കാട്,വെറ്റിലപ്പാറ, വൈത്തിരി, മക്കിയാട്, തലപ്പുഴ.

സി) കമ്മീഷൻ നിർദ്ദേശങ്ങൾ അനുസരിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

സി) കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

ഡി) മിഷൻ 676 പ്രകാരം പുതുതായി എവിടെയെല്ലാമാണ് അഗ്നിശമനസേന നിലയങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

ഇ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ പ്രഖ്യാപിക്കപ്പെട്ട കൊയിലാണ്ടി അഗ്നിശമന നിലയം സ്ഥാപിക്കുന്നത് മിഷൻ 676-ൽ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

എഫ്) അഗ്നിശമന വിഭാഗം മേധാവികൾ വരെ അനുകൂലമായി റിപ്പോർട്ട് ചെയ്തിട്ടുള്ള കൊയിലാണ്ടിയുടെ കാര്യത്തിൽ എന്ത് തീരുമാനമെടുക്കും എന്നത് വ്യക്തമാക്കാമോ?

ഡിയും, ഇയും, എഫും) സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം മുൻഗണനാക്രമത്തിൽ പരിഗണിച്ച് വരികയാണ്. കൊയിലാണ്ടിയിൽ സ്ഥിരമായി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊയിലാണ്ടി നഗരസഭ നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. എന്നിരുന്നാലും താൽക്കാലികമായി ഒരുക്കിയിരിക്കുന്ന കെട്ടിടത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചുവരുന്നു.

V.Beena

സെക്ഷൻ ഓഫീസർ